അധ്യായം. 55
സൂറത്തു റഹ്മാൻ

മക്കയിൽ അവതരിച്ചത്. വചനങ്ങൾ 78.

പ്രകടമായ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെകുറിച്ചും ഇഹലോകത്തും പര ലോകത്തും അവൻ നൽകുന്ന അനുഗ്രഹങ്ങളെക്കുറിച്ചും പ്രതിപാദിക്കുകയാണ് ഈ അധ്യായത്തിലുടനീളം. അവിശ്വാസത്തെ ഉപേക്ഷിക്കുവാനും വിശ്വാസത്തെ സ്വീകരിക്കാനുമുള്ള പ്രേരണ നൽകും വിധത്തിലാണ് ഇവയെല്ലാം പരാമർശിക്ക പ്പെടുന്നത്.

1 - 18

പ്രധാന ആശയങ്ങൾ:

1. ചെറുതും വലുതുമായ എല്ലാ കർമങ്ങളും കർമരേഖയിൽ രേഖപ്പെടുത്തപ്പെടും.
2. പരമകാരുണികനായ അല്ലാഹു ക്വുർആനാകുന്ന അനുഗ്രഹത്തെ എടുത്തു പറഞ്ഞുകൊണ്ടാണ് ഈ അധ്യായം ആരംഭിക്കുന്നത്. അത് ക്വുർആനിന്റെ മഹത്വത്തിനുള്ള തെളിവും സൃഷ്ടികൾക്ക് ചെയ്തുകൊടുത്ത ഏറ്റവും വലിയ അനുഗ്രഹവും അത് തന്നെയാണെന്നും ബോധ്യപ്പെടുത്തുന്നു.
3. നീതിക്ക് ഇസ്ലാമിലുള്ള സ്ഥാനവും ഇവിടെ വ്യക്തമാക്കുന്നു.
4. അല്ലാഹു ചയ്തുതന്ന അനുഗ്രഹങ്ങളും എടുത്തു പറയുന്നതിന്റെ താൽപര്യം അതു നാം മനസ്സിലാക്കുകയും അതിനു നാം നന്ദി ചെയ്യുകയും വേണമെന്ന താണ് കളവാക്കാനോ നന്ദികേട് കാണിക്കാനോ പാടില്ല.

വിശദീകരണം:

• അല്ലാഹു വിശാലമായ കാരുണ്യത്തിന്റെ ഉടമസ്ഥനായ الرحمن (പരമകാരുണികൻ) ആണ്.

• മനഃപാഠമാക്കത്തക്ക വിധം ക്വുർആൻ പഠനം അല്ലാഹു മനുഷ്യർക്ക് സൗകര്യപ്രദമാക്കി.

• മനുഷ്യന്റെ സൃഷ്ടിപ്പിനെ ഏറ്റവും ശരിയായ വിധത്തിലും മനോഹരമായ രൂപത്തിലുമാക്കിയവനാണവൻ.

• മനസ്സിലുള്ള ഒരാശയം സംസാരത്തിലൂടെയും എഴുത്തിലൂടെയും എങ്ങിനെ മറ്റുള്ളവർക്ക് വ്യക്തമാക്കി കൊടുക്കാമെന്ന് അവൻ മനുഷ്യനെ പഠിപ്പിച്ചു.

• തെറ്റുപറ്റാത്ത കൃത്യത പാലിച്ചുകൊണ്ട് സഞ്ചരിച്ചുകൊണ്ടേയിരിക്കും വിധം സൂര്യനും ചന്ദ്രനും അവൻ നിശ്ചയിച്ചു. ജനങ്ങൾക്ക് കണക്കും വർഷങ്ങളുടെ എണ്ണവുമറിയാൻ ഇവ രണ്ടും സഹായിക്കും.

• ഉറച്ച കാണ്ഡങ്ങളില്ലാത്ത സസ്യങ്ങളും മരങ്ങളും അല്ലാഹുവിന് കീഴ്പ്പെട്ടും സമർപ്പിച്ചും സുജൂദ് ചെയ്ത് കൊണ്ടിരിക്കുന്നു.

• ആകാശത്തെ ഭൂമിക്ക് മുകളിൽ ഒരു മേൽക്കൂരയാക്കി അവൻ ഉയർത്തി. ഭൂമിയിൽ അവൻ നീതി സ്ഥാപിക്കുകയും അത് പാലിക്കാൻ തന്റെ അടിമകളോട് കൽപിക്കുകയും ചെയ്തു.

• നീതിയെ അവൻ സ്ഥാപിച്ചത് മനുഷ്യർ അക്രമം കാണിക്കാതിരിക്കാനും അളവിലും തൂക്കത്തിലും വഞ്ചന ചെയ്യാതിരിക്കാനുമാണ്.

• നീതിയുടെ തുലാസ് അവൻ നിങ്ങളിൽ സ്ഥാപിച്ചു. തുലാസിൽ നിങ്ങൾ കുറവ് വരുത്തരുത്. അതായത് അളക്കുകയോ, തൂക്കുകയോ ചെയ്യുമ്പോൾ അതിൽ അനീതി പാടില്ല.

• സൃഷ്ടികൾക്ക് സുരക്ഷിതമായി താങ്ങാവുന്ന വിധം ഭൂമിയെ അല്ലാഹു സൗകര്യപ്രദമായ വിധത്തിൽ സംവിധാനിച്ചു.

• ഭൂമിയിൽ പഴങ്ങൾ കായ്ക്കുന്ന മരങ്ങളും ഈത്തപ്പഴങ്ങളെ സുരക്ഷിതമാക്കി നിർത്തുന്ന കൂമ്പോളകളുള്ള ഈന്തപ്പനകളുമുണ്ട്.

• ഗോതമ്പ്, ബാർലി പോലെ വൈക്കോലുള്ള ധാന്യങ്ങളും സുഗന്ധം ലഭിക്കുന്ന ചെടികളും ഭൂമിയിലുണ്ട്.

• മനുഷ്യരേ ജിന്നുകളേ. ഇത്രയേറെ അനുഗ്രഹങ്ങൾ അല്ലാഹു നിങ്ങൾക്ക് നൽകുമ്പോൾ അതിൽ ഏത് അനുഗ്രഹത്തെയാണ് നിങ്ങൾ നിഷേധിക്കുന്നത്.

• മുട്ടിയാൽ ശബ്ദമുണ്ടാകുന്ന ചൂളവെച്ച ഉണങ്ങിയ കളിമണ്ണിൽ നിന്ന് അല്ലാഹു ആദമിനെ സൃഷ്ടിച്ചു.

• ജിന്നുകളുടെ പിതാവിനെ അല്ലാഹു സൃഷ്ടിച്ചത് പുകയിൽ നിന്നുള്ള തെളിഞ്ഞ് തീജ്വാലയിൽ നിന്നാണ്.

• സൂര്യന്റെ രണ്ട് ഉദയാസ്തമന സ്ഥാനങ്ങളുടെ രക്ഷിതാവ് (ശൈത്യകാലത്തും, ഉഷ്ണകാലത്തും).

19 - 41

പ്രധാന ആശയങ്ങൾ:

1. കടലിലെ ശുദ്ധജലവും ഉപ്പുജലവും കൂടിക്കലരാതെ ചേർന്ന് നിൽക്കുന്നത് അല്ലാഹുവിന്റെ മഹത്തായ കഴിവിന്റെ വ്യക്തമായ തെളിവാണ്.
2. എല്ലാ സൃഷ്ടികളും നശിക്കുമെന്നും അല്ലാഹു മാത്രമേ അവശേഷിക്കൂ എന്നും നമ്മെ അറിയിക്കുന്നത് അടിമ അല്ലാഹുവിനോടാണ് ബന്ധം സ്ഥാപിക്കേണ്ടത്, മറ്റുള്ളവരോടല്ല എന്ന് ബോധ്യപ്പെടുത്താനാണ്.
3. وجه മുഖം എന്ന വിശേഷണം അല്ലാഹുവിനുണ്ടെന്നും ഉപമയോ, സാദൃശ്യപ്പെടുത്തലോ ഇല്ലാതെ അതവന് യോജിക്കുന്ന വിധത്തിലായിരിക്കുമെന്നും വിശ്വസിക്കണം.
4. സത്യനിഷേധിക്കുള്ള വ്യത്യസ്ഥ ശിക്ഷാരൂപങ്ങൾ.

വിശദീകരണം:

• ശുദ്ധ ജലത്തിന്റേയും ഉപ്പുജലത്തിന്റേയും രണ്ട് കടലുകൾ പരസ്പരം കൂടിച്ചേരുന്നത് പോലെയാണ് കണ്ണുകൾ കാണുന്നത്. എന്നാൽ അവ രണ്ടും പരസ്പരം അതിരുവിട്ടുകടക്കാൻ പറ്റാത്ത വിധം ഒരു മറയുണ്ട്. അതിനാൽ ശുദ്ധജലം ശുദ്ധമായിട്ടും ഉപ്പുജലം ഉപ്പുജലമായിട്ടും അവശേഷിക്കും.

• കടലുകളിൽ നിന്ന് വലുതും ചെറുതുമായ മുത്തുകൾ ലഭിക്കുന്നു.

• മലകളെ പോലെയുള്ള കപ്പലുകളെ കടലുകളിൽ നിയന്ത്രിക്കുന്നത് അല്ലാഹുവാണ്.

• ഭൂമുഖത്തുള്ള എല്ലാ സൃഷ്ടികളും നശിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

• തന്റെ അടിമകളോട് ഔദാര്യവും കാരുണ്യവും നൽകുന്ന അല്ലാഹുവിന്റെ മുഖം എന്നും അവശേഷിക്കും. ഒരു നാശവും അവനെ ബാധിക്കുകയില്ല.

• ആകാശത്തുള്ള മലക്കുകളും ഭൂമിയിലുള്ള ജിന്നും മനുഷ്യനും അവരുടെ ആവശ്യങ്ങളെല്ലാം അല്ലാഹുവോട് ചോദിച്ചുകൊണ്ടിരിക്കുന്നു.

• എല്ലാ ദിവസവും അവൻ തന്റെ അടിമകളുടെ കാര്യത്തിലാണ്. അവൻ അവരെ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ഉപജീവനം നൽകുകയും ചെയ്തുകൊണ്ടേയിരിക്കും.

• മനുഷ്യരേ ജിന്നുകളേ നിങ്ങളുടെ വിചാരണക്ക് വേണ്ടി മാത്രമായി അല്ലാഹു ഒഴിഞ്ഞിരിക്കും. അപ്പോൾ ഓരോരുത്തർക്കും തങ്ങൾക്കർഹതപ്പെട്ട ശിക്ഷയോ പ്രതിഫലമോ ലഭിക്കും.

• ഉയിർത്തെഴുന്നേൽപ്പുനാളിൽ മനുഷ്യരേയും ജിന്നുകളേയും ഒരുമിച്ചുകൂട്ടിക്കൊണ്ട് അല്ലാഹു പറയും: മനുഷ്യരേ, ജിന്നുകളേ, ആകാശഭൂമികളുടെ വശങ്ങളിൽ നിന്ന് പുറത്ത് പോകാൻ വല്ല വഴിയും നിങ്ങൾക്ക് കണ്ടെത്താൻ കഴിയുമെങ്കിൽ നിങ്ങളത് ചെയ്ത് കൊള്ളുക. അത് നിങ്ങൾക്ക് സാധ്യമേ അല്ല. അതിനുള്ള ശക്തിയും തെളിവും നിങ്ങൾക്കെവിടെ നിന്ന് ലഭിക്കും?

• പുകയില്ലാത്ത തീജ്വാലകൾ അവൻ നിങ്ങളുടെ മേൽ അയച്ചാൽ നിങ്ങൾക്കതിനെ തടുക്കാനാവില്ല.

• മലക്കുകൾക്ക് വരാൻ ആകാശം വിണ്ടുകീറിയാൽ കുഴമ്പുപോലെ തിളങ്ങുന്ന ചുവന്ന നിറമുള്ളതായിരിക്കും.

• ആ മഹാദിനത്തിൽ ജിന്നിന്റേയും മനുഷ്യന്റേയും പ്രവർത്തനങ്ങളെക്കുറിച്ച് അല്ലാഹുവിന് അറിവുള്ളത് കൊണ്ട് ജിന്നുകളോടും മനുഷ്യരോടും അവരുടെ പാപങ്ങളെക്കുറിച്ച് ചോദിക്കപ്പെടുകയില്ല.

• കണ്ണിന്റെ നീലവർണവും മുഖത്തിന്റെ കറുപ്പും ഉയിർത്തെഴുന്നേൽപ്പുനാളിൽ കുറ്റവാളികളെ തിരിച്ചറിയുന്ന അടയാളങ്ങളാണ്.

• കുടുമകളും പാദങ്ങളും കൂട്ടിപ്പിടിച്ച് അവർ നരകത്തിലേക്ക് എറിയപ്പെടും.

42 - 78

പ്രധാന ആശയങ്ങൾ:

1. അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുകയും അവന്റെ മുമ്പിൽ നിൽക്കേണ്ടി വരികയും ചെയ്യുന്നതിനെ കുറിച്ചുള്ള ഭയം പ്രധാനമാണ്.
2. സ്വർഗ സ്ത്രീകളുടെ പരിശുദ്ധി ഇവിടെ പ്രശംസിക്കപ്പെടുന്നു. ഈ ഗുണം സ്ത്രീകൾക്കുണ്ടാവേണ്ടതിന്റെ മഹത്വവും പ്രാധാന്യവും ഇതിൽ നിന്ന് മനസ്സിലാക്കാം.
3. ഓരോ പ്രവർത്തനത്തിനും അതിന്റെ പ്രത്യേകതകൾക്കനുസരിച്ച് തന്നെയാണ് പ്രതിഫലവും നിശ്ചയിക്കപ്പെടുന്നത്.

വിശദീകരണം:

• സത്യനിഷേധികളെ അപമാനിതരാക്കിക്കൊണ്ട് അവരോട് പറയപ്പെടും: "ഇഹലോകത്ത് നിങ്ങൾ കളവാക്കിയ നരകമിതാ നിങ്ങളുടെ കൺമുന്നിൽ ഇപ്പോൾ നിങ്ങൾക്കതിനെ നിഷേധിക്കാനാവില്ല."

• നരകത്തിനും തിളച്ചുപൊങ്ങുന്ന ചൂടുവെള്ളത്തിനുമിടയിൽ അവർ ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കും.

• പരലോകത്ത് അല്ലാഹുവിന്റെ മുന്നിൽ നിൽക്കേണ്ടി വരുമല്ലോ എന്ന് ഭയന്ന്

വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് രണ്ട് സ്വർഗങ്ങൾ ഉണ്ട്.

• പ്രശോഭിച്ച് നിൽക്കുന്ന പഴങ്ങളുള്ള വലിയ ശാഖകൾ ആ രണ്ട് സ്വർഗത്തിലുമുണ്ട്. രണ്ട് സ്വർഗത്തിനുമിടയിൽ വെള്ളത്തിന്റെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്നു.

• അവ രണ്ടിലും ആസ്വദിക്കാവുന്ന ഓരോ പഴവർഗത്തിന്റേയും രണ്ടിനങ്ങൾ ഉണ്ട്.

• വിരിപ്പുകളിൽ അവർ ചാരിക്കിടക്കും. അതിന്റെ ഉൾവശം കട്ടികൂടിയ പട്ട് കൊണ്ടാണ്. ആ രണ്ട് സ്വർഗത്തിലും അവർ പഴം പറിച്ചെടുത്ത് കൊണ്ടിരിക്കും. അവയാകട്ടെ നിൽക്കുന്നവനും ഇരിക്കുന്നവനും ചാരി ഇരിക്കുന്നവനുമെല്ലാം പറിച്ചെടുക്കാൻ കഴിയും വിധത്തിലാണ്.

• നോട്ടത്തെ തങ്ങളുടെ ഭർത്താക്കന്മാരിൽ മാത്രം പരിമിതപ്പെടുത്തുന്ന സ്ത്രീകളാണ് അവിടെയയുള്ളത്.

• മുമ്പൊരാളും സ്പർശിച്ചിട്ടില്ലാത്ത കന്യകത്വം നഷ്ടപ്പെട്ടിട്ടില്ലാത്തവരും.

• സ്വർഗ സ്ത്രീകൾ മാണിക്യവും പവിഴവും പോലെയായിരിക്കും ഭംഗിയിലും തെളിമയിലും.

• അല്ലാഹുവിനുള്ള അനുസരണം നന്നായി നിർവഹിച്ചവന് അവന്റെ പ്രതിഫലവും അല്ലാഹു നന്നാക്കി കൊടുക്കും.

• ഈ പറയപ്പെട്ട രണ്ട് സ്വർഗമല്ലാതെ മറ്റ് രണ്ട് സ്വർഗം കൂടി ഉണ്ട്.

• ഈ രണ്ട് സ്വർഗത്തിലും ശക്തമായി ഒഴുകുന്ന രണ്ട് ഉറവകളുണ്ട്. അതിലെ ജലപ്രവാഹം നിലച്ചുപോവുകയില്ല.

• ഈ രണ്ട് സ്വർഗത്തിലും ധാരാളം പഴങ്ങളും ഈന്തപ്പനകളും റുമാൻ പഴങ്ങളുമുണ്ട്.

• നല്ല സ്വഭാവമുള്ളവരും മുഖഭംഗിയുള്ളവരുമാണ് ഈ രണ്ട് സ്വർഗത്തിലേയും സ്ത്രീകൾ.

• തങ്ങളുടെ സുരക്ഷക്കായി ടെന്റുകളിൽ മറഞ്ഞിരിക്കുന്ന തരുണികൾ.

• അവരുടെ ഭർത്താക്കൾക്ക് മുമ്പ് മനുഷ്യനോ, ജിന്നോ അവരെ സമീപിച്ചിട്ടില്ല.

• പച്ച കൊണ്ട് മൂടിയ തലയിണകളിൽ മനോഹരമായ വിരിപ്പുകളിൽ അവർ ചാരിയിരിക്കും.

• ഔദാര്യവും സ്നേഹവും തന്റെ അടിമകളോട് ഏറയുള്ളവനായ നിന്റെ രക്ഷിതാവിന്റെ നാമം നന്മ നിറഞ്ഞതും മഹത്വമുള്ളതുമായിരിക്കും.